**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1699** **16-10-2026-ൽ മറുപടിയ്ക്ക്**

**റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ ശമ്പള സ്കെയിൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അപു ജോൺ ജോസഫ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയ്ക്ക് നിലവിൽ ₹63,700–₹1,23,700 എന്ന ശമ്പള സ്കെയിലും, തൊട്ടടുത്ത സ്ഥാനക്കയറ്റ തസ്തികയായ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയ്ക്ക് ₹95,600–₹1,53,200 എന്ന ശമ്പള സ്കെയിലുമാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** അതെ.

**(ബി)** നിയമപരവും ഭരണപരവുമായ വിവിധ ഉത്തരവാദിത്വങ്ങൾ ആർ.ടി.ഒ. മാർ നിർവഹിക്കുന്ന സാഹചര്യത്തിൽ സമാന ഉത്തരവാദിത്വവും അധികാരവും വഹിക്കുന്ന മറ്റ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിലുമായി താരതമ്യം ചെയ്ത് ആർ.ടി.ഒ. തസ്തികയുടെ ശമ്പള സ്കെയിൽ പുനഃപരിശോധിക്കേണ്ടതുണ്ടോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല.

**(സി)** എങ്കിൽ, നോൺ-ഐ.പി.എസ്. പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള സമാനതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിലും ചുമതലകളും അധികാരങ്ങളും താരതമ്യം ചെയ്ത് ആർ.ടി.ഒ. മാരുടെ ശമ്പള സ്കെയിൽ ഉയർത്തി അനുയോജ്യമായ ശമ്പള പുനർനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** നിലവിൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**